(ബി) ഇതേ ആവശ്യങ്ങളുടെ പേരിലാണോ ഐ.എൻ.ടി. യു. സി. ട്രാൻസ്പോർട്ട് തൊഴിലാളികളും അടുത്തകാലത്തു് സത്യഗ്രഹം ആരംഭിച്ചതു്;

(സി) അവരുടെ സത്യഗ്രഹം നിർത്താനുണ്ടായ കാരണമെന്താണു്?

ഉത്തരം

(എ) വിവരം രേഖപ്പെടുത്തിയ സ്റ്റേറ്റുമെന്റു് അനുബന്ധമായി ചേർത്തിട്ടുണ്ടു് †

(ബി) ഈ ആവശ്യങ്ങളിൽ ചിലതും മറ്റു ചില ആവശ്യങ്ങളും അവർ ഉന്നയിച്ചിരുന്നു.

(സി) യൂണിയൻ പ്രതിനിധികളുമായുള്ള ചർച്ചകളിൽ അവരുടെ ആവശ്യങ്ങളും ഗവണ്മെന്റിന്റെ അടിയന്തിരമായ പരിഗണനയിൽ ഇരിക്കുകയാണെന്നു് അറിയിച്ചു.

Transport Waiting Shed

93. [8] ശ്രീ. എം. എം. സുന്ദരം: മീൻ കായലും വിളക്കുങ്ങുക്കു ട്രാൻസ്പോർട്ട് ഇലാഖാ മന്ത്രിമാർ അവർകൾ വിടെ പകർവാർകളാക:

(എ) പീരുമേടു താലൂകാ വണ്ടിപ്പെരിയാർ ടൗണിൽ ട്രാൻസ്പോർട്ട് വെയിറ്റിങ്ങ് ഷെഡ്-ക്കാക ട്രാൻസ്പോർട്ട് ഡിപ്പാർട്മെന്റ് ഒരു ഏക്കർ നിലം T. T. E. കമ്പെനിയിലിരുന്നു് അക്കൊയർ ചെയ്തു എടുത്തുള്ളതാ;

(ബി) ഷെ ഇടത്തിൽ വെയിറ്റിങ്ങ് ഷെഡ് കട്ടുവാൻ തിട്ടത്തെ ട്രാൻസ്പോർട്ട് ഡിപ്പാർട്മെന്റ് കൈവിട്ടിരിക്കുന്നതാ;

(സി) ഷെ പൂമി പഞ്ചായത്തുക്കു തേവൈ എന കേട്കപ്പട്ടുള്ളതാ;

(ഡി) ട്രാൻസ്പോർട്ടുക്കു അവശിയമില്ലയെങ്കിൽ അതൈ പഞ്ചായത്തിറ്കു ഉടനടി കൊടുക്ക തയവുണ്ടാകുമാ?

Answer

(a) Yes.
(b) Yes.
(c) Yes.
(d) This is under consideration.

ADJOURNMENT MOTION

Hungerstrike by Shri A. K. Gopalan, M. P., in the Moovatupuzha sub jail

Mr. Speaker: Order, order.

I have received notice of a motion under Rule 49 from Shri E. M. Sankaran Namboodiripad for discussing a matter of urgent public importance namely, the hungerstrike by Shri A. K. Gopalan in the Moovatupuzha Sub Jail. I call upon the Chief Minister to state the facts.

9 a. m.]

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, റൂൾ 49 അനുസരിച്ചു് ഇവിടെ ചർച്ച നടത്തേണ്ട കാര്യങ്ങളൊന്നും ഉണ്ടായിട്ടില്ല. ശ്രീ. എ. കെ. ഗോപാലൻ ഒരു നിരാഹാരസത്യഗ്രഹത്തിൽ ഏർപ്പെട്ടിരിക്കുകയാണു്. അദ്ദേഹം ഇപ്പോഴും അതു നടത്തുന്നതു, മൂവാറ്റുപുഴ സബ്ജയിലിലാണു്. രണ്ടു മൂന്നു ദിവസമായി ആഹാരം കഴിക്കാതിരിക്കുന്നതുകൊണ്ടു് അദ്ദേഹത്തിനു ശാരീരികമായി കുറെ ക്ഷീണമുണ്ടായിട്ടുണ്ടു്. അതു സ്വാഭാവികമാണു്. അദ്ദേഹത്തിനു് ആഹാരം ആവശ്യപ്പെടുമ്പോൾ കൊടുക്കുന്നതിനുള്ള എല്ലാ വ്യവസ്ഥകളും ഗവണ്മെന്റു ചെയ്തിട്ടുണ്ടു്. അദ്ദേഹത്തിന്റെ ശാരീരികമായ ആരോഗ്യസ്ഥിതി എങ്ങിനെയാണെന്നു് പരിശോധിക്കാൻ വേണ്ടിടത്തോളം കരുതലു

† Appendix VIII

LIBRARY ARCHIVES Kerala Legislative Assembly